**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 683** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>നെടുമങ്ങാട് മണ്ഡലത്തിലെ ഉന്നതികളുടെ നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. ആർ. അനിൽ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ നെടുമങ്ങാട് മണ്ഡലത്തിലെ ഉന്നതികളുടെ നവീകരണത്തിനായി ഭരണാനുമതി കിട്ടിയ പ്രവൃത്തികളിൽ പൂർത്തീകരിച്ചവ, നടന്നുവരുന്ന പദ്ധതികൾ എന്നിവ ഏതെല്ലാമെന്ന് വിശദീകരിക്കാമോ; വകുപ്പിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടും ഭരണാനുമതി നൽകാൻ അവശേഷിക്കുന്ന പദ്ധതികൾ ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** പ്രസ്തുത മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ ഉന്നതികളുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ; പ്രസ്തുത പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലെങ്കിൽ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ജില്ലാതലത്തിൽ പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ ഏതൊക്കെ സംവിധാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിലെ പദ്ധതി മാനദണ്ഡ പ്രകാരം ഗ്രാമതല മോണിറ്ററിംഗ് കമ്മിറ്റി ത്രൈമാസ അവലോകനം നടത്തേണ്ടതും, പുരോഗതി രേഖപ്പെടുത്തേണ്ടതുമാണ്. ജില്ല/ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ, ഏജൻസി പ്രതിനിധികൾ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി ജില്ല കളക്ടറുടെ അധ്യക്ഷതയിൽ ത്രൈമാസ ജില്ലാ തല അവലോകന യോഗം സംഘടിപ്പിക്കുകയും ആയതിന്റെ മിനിട്ട്സ് ജില്ലാ പട്ടികജാതി വികസന ഓഫീസർമാരും ഡയറക്ടറേറ്റിൽ ലഭ്യമാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നുണ്ട്

**(ഡി)** വകുപ്പിന്റെ പ്രത്യേക അനുമതി പ്രകാരം അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ അപ്പോളോ ഉന്നതിയിൽ 117 വീടുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ?

**<u>മറുപടി:</u>** ഭവന പുനരുദ്ധാരണത്തിന് ഉൾപ്പെടുത്തിയിട്ടുള്ള 117 വീടുകളിൽ 25 വീടുകളുടെ പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത 4 വീടുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ

പുരോഗമിക്കുന്നു

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ക്രമ നം | ഗ്രാമത്തിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | മാതാവീട് | വീട്ടുകളുടെ മെയ്ൻറനൻസ്, റോഡ് കോൺക്രീറ്റ്, Retaining Wall എന്നിവ പൂർത്തിയായി. 3 വീടിന്റെ Sidewall ഒഴികെ ബാക്കി പ്രവർത്തികൾ പൂർത്തീകരിച്ചു. |
| 2. | ചെട്ടിയാർമുക്ക് | മൂന്ന് റോഡുകളുടെ കോൺക്രീറ്റ് പ്രവർത്തികൾ, സൈഡ് വാൾ എന്നിവ പൂർത്തീകരിച്ചു നെല്ലിപ്പാറ റോഡ് കോൺക്രീറ്റിംഗ് സൈഡ് വാൾ പ്രവൃത്തികൾ നടന്ന് വരുന്നു, വീടിന്റെ നവീകരണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. |
| 3. | മാഞ്ഞാംകോട് IHDP | 4 വീടിന്റെ ഭവന പുനഃരുദ്ധാരണ പ്രവർത്തി പൂർത്തിയായി. റോഡ് നിർമ്മാണം, സൈഡ് വാൾ എന്നിവ പുരോഗമിക്കുന്നു അങ്കൻവാടിയിൽ പുതിയ മോട്ടർ സ്ഥാപിച്ചു. ഒരു റീറ്റെയ്നിങ് വാൾ പൂർത്തീകരിച്ചു. രണ്ടാമത്തേത് ആരംഭിച്ചിട്ടില്ല |
| 4. | ചാമവിള ഗ്രാമം | ഭവന പുനരുദ്ധാരണ പദ്ധതിയിൽ 10 വീട്ടുകളിൽ 8 വീട്ടുകളുടെ maintenance വർക്ക് നടന്നു വരുന്നു. 9/02/2026 തീയതിയിൽ മോണിറ്ററിങ് മീറ്റിംഗ് നടന്നു. 6 വീട്ടുകളുടെ നവീകരണം പൂർത്തീകരിച്ചു. മറ്റു വർക്കുകൾ ആരംഭിച്ചിട്ടില്ല. |
| 5. | മാവുവിള | പ്രാഥമിക മോണിറ്ററിങ് മീറ്റിംഗ് 4/11/25 ന കഴിഞ്ഞു. Estimate ലഭ്യമായി. ടെക്നിക്കൽ കമ്മിറ്റി കൂടി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി നടന്നു വരുന്നു. |
| 6. | അഞ്ചേക്കർ തോപ്പിനകം | പ്രാഥമിക യോഗം 22/1/25 ന കഴിഞ്ഞു. Estimate ലഭ്യമായി ടെക്നിക്കൽ കമ്മിറ്റി കൂടി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി നടന്നു വരുന്നു. |